**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 446** **28-06-2022 - ൽ മറുപടിയ്ക്ക്**

**ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ് തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് വിനിയോഗത്തിൽ 2020-21, 2021-22 എന്നീ വർഷങ്ങളിലെ ടെണ്ടർ സേവിംഗ്സ് തുക എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | ജില്ലാ കളക്ടർ ലഭ്യമാക്കിയ കണക്കനുസരിച്ച് നാളിതുവരെയുള്ള വിവരം :<br><br>വർഷം — തുക<br>2020-21 — 1,01,857/- രൂപ<br>2021-22 — 4,93,872/- രൂപ |
| (ബി) | 2017-18 വർഷം മുതലുള്ള ടെണ്ടർ സേവിംഗ്സ് തുക ഉപയോഗിച്ച് പുതിയ പ്രൊപ്പോസലുകൾ ഭരണാനുമതിക്കായി സമർപ്പിക്കുവാൻ സാധിക്കുമോ; എങ്കിൽ അതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ? | (ബി) | നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം മുതൽ പ്രാബല്യമുണ്ട്. പദ്ധതിയുടെ മാർഗ്ഗ രേഖയായ 04.08.2018 ലെ സ.ഉ.(അച്ചടി) നം.119/2018/ധന, ഖണ്ഡിക 2.8 ലെ ടെണ്ടർ സേവിംഗ്സുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഭേദഗതി ചെയ്തു കൊണ്ട് 31.03.2022 തീയതിയിലെ സ.ഉ.(അച്ചടി) നം.40/2022/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ഓരോ സാമ്പത്തിക വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെൻഡർ അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ടാകുന്ന ടെൻഡർ സേവിംഗ്സ് ഏത് സാമ്പത്തിക വർഷത്തിലാണോ തിട്ടപ്പെടുത്തുന്നത് ആ സാമ്പത്തിക വർഷത്തിലോ അതിനടുത്ത സാമ്പത്തിക വർഷത്തിലോ ഉണ്ടാകുന്ന ടെൻഡർ എക്സസിന് വേണ്ടിയോ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് വേണ്ടിയോ വിനിയോഗിക്കാവുന്നതാണ്. ഇപ്രകാരം ഭരണാനുമതി നൽകുമ്പോൾ ഒരു സാമ്പത്തിക വർഷത്തിലെ പരമാവധി പ്രവൃത്തികളുടെ എണ്ണം 20 ആയിത്തന്നെ നിജപ്പെടുത്തേണ്ടതാണ്. ഇത് പ്രകാരം ജില്ലാ കളക്ടർമാർക്ക് തന്നെ ഈ വിഷയത്തിൽ തീരുമാനമെടുക്കാവുന്നതും മാർഗ്ഗരേഖ പ്രകാരം അനുവദനീയമായവയ്ക്ക് ധനകാര്യ വകുപ്പിൽ നിന്നും പ്രത്യേക അനുമതിയുടെ ആവശ്യമില്ലാത്തതുമാണ്. |

സെക്ഷൻ ഓഫീസർ